# നവ സാക്ഷര സാഹിത്യം

## ഒരു പഠനം

പി. ടി. ഭാസ്കര പണിക്കർ

894.8129
BHA

കേരള അനൗപചാരിക
വിദ്യാഭ്യാസ വികസന സമിതി

# നവ സാക്ഷര സാഹിത്യം

## ഒരു പഠനം

7615

പി. ടി. ഭാസ്കര പണിക്കർ

PC Library & Research Ce

KANFED

കാൻഫെഡ്
സാക്ഷരതാഭവൻ
തിരുവനന്തപുരം -1
വില 65 പൈസ

894.8129 BHA

( Malayalam )
NAVASAKSHARA SAHITYAM
ORU PATANAM
Books for Neo Literates – a Study
First Published January 1978
Author: P. T. Bhaskara Panicker
Printed at ANUPAMA PRINTERS,
Medical College, Trivandrum - 695011
Phone : 62063.
Price 65 ps
© Kerala Association for
Non Formal Education and
Development (KANFED)
Saksharata Bhavan
Trivandrum - 1

# ആമുഖം

മലയാളം പുരോഗമിച്ചുവരുന്ന ഒരു ഭാഷയാണ്. നമുക്ക് അതിൽ അഭിമാനിക്കാം. എന്നാൽ സാമാന്യ ജനങ്ങൾക്ക് വായിക്കാനും പഠിക്കാനുമുള്ള എത്ര പുസ്തകങ്ങൾ ഉണ്ട്? പലതരം കൈത്തൊഴിലുകൾ, കൃഷി, രോഗങ്ങൾ, എന്നിവയെപ്പററിയോ ട്രേഡ് യൂണിയൻ, ടെലിഫോൺ, പ്രതിരോധ കുത്തിവയ്പുകൾ, ചെറു യന്ത്രങ്ങൾ, എന്നിവയെക്കുറിച്ചോ മഹാന്മാരായ ജനനേതാക്കന്മാരുടെ ജീവിതങ്ങളെക്കുറിച്ചോ ഒന്നും സാധാരണക്കാർക്ക് പററിയ രീതിയിൽ രചിച്ച പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ഇല്ല. മരച്ചീനി കൃഷിക്കാരന് അതിനെപ്പററിയും ചായപ്പീടികക്കാരന് ആ വിഷയത്തെക്കുറിച്ചും, സാങ്കേതിക തൊഴിലാളികൾക്ക് അവരവരുടെ തൊഴിലുകളെക്കുറിച്ചും ഉള്ള പുസ്തകങ്ങളിൽ ആയിരിക്കുമല്ലോ കൂടുതൽ താല്പര്യം. അത്തരം പുസ്തകങ്ങൾ നമുക്കു വേണം. പുതുതായി എഴുത്തും വായനയും പഠിച്ചവർക്കു ഈ പുസ്തകങ്ങൾ ധാരാളം വേണം.

ഇത്തരം പുസ്തകങ്ങൾ രചിക്കാൻ എളുപ്പമല്ല. വളരെ ശ്രദ്ധിച്ചും മുതിർന്നവരുടെ മനശ്ശാസ്ത്രം കണക്കിലെടുത്തും വേണം ഇവ രചിക്കാൻ, കഷ്ടിച്ചു എഴുതാനും വായിക്കാനും പഠിച്ചവർക്കു കൂടി മററാരുടേയും സഹായം കൂടാതെ ഇവ വായിച്ചു മനസ്സിലാക്കാൻ കഴിയണം.

നവ സാക്ഷരർക്കുള്ള പുസ്തക രചനയിൽ സാമാന്യമായും പ്രത്യേകമായും എഴുത്തുകാർ ശ്രദ്ധിക്കേണ്ട വിവരങ്ങളാണ് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. ഇങ്ങിനെ ഉണ്ടാക്കിയ പുസ്തകങ്ങളെ വിലയിരുത്താനും നമുക്കു കഴിയണം. അതിന്നുള്ള ഒരു കൊച്ചുമാതൃകയും അവസാനം കൊടുത്തിട്ടുണ്ട്.

സാക്ഷരതാഭവൻ
തിരുവനന്തപുരം 1

പ്രസിദ്ധീകരണ സമിതി
കാൻഫെഡ്

അധ്യായങ്ങൾ


1. വിജ്ഞാന സാഹിത്യം മുതിർന്നവർക്ക്

2. നവ സാക്ഷര സാഹിത്യ രചന

3. നവ സാക്ഷര സാഹിത്യകാരൻ

4. പുസ്തക പ്രസാധനം

5. ചിത്രങ്ങളും അച്ചടിയും

6. വിലയിരുത്തൽ


---

അനൗപചാരിക വിദ്യാഭ്യാസത്തെപ്പററി കൂടുതൽ അറിയാൻ എഴുതുക:


സെക്രട്ടറി

കാൻഫെഡ്

സാക്ഷരതാഭവൻ

തിരുവനന്തപുരം 1

ഒന്ന്

## വിജ്ഞാന സാഹിത്യം മുതിർന്നവർക്ക്

സ്കൂൾ പ്രായത്തിലുള്ളവരെയാണ് ഇവിടെ കുട്ടികൾ എന്ന് പറയുന്നത്. അതിലും മീതെയുള്ളവരെല്ലാം മുതിർന്നവരാണ്.

വിജ്ഞാന സാഹിത്യം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ജീവശാസ്ത്രം, ഫിസിക്സ്, കെമിസ്ട്രി, ഭൂവിജ്ഞാനം, ചരിത്രം, യാത്രാ വിവരണങ്ങൾ, ജീവചരിത്രം എന്നിങ്ങനെയുള്ള പൊതു വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളാണ്. ശാസ്ത്രവും മാനവികവും വിജ്ഞാനകോശവും എല്ലാം ഇതിലുൾപ്പെടും.

കഥ, നാടകം, കവിത, പാട്ട് എന്നിവ ശാസ്ത്രീയ മാനവിക വിഷയങ്ങളെക്കുറിച്ചുള്ളവ ആണെങ്കിൽ അതും വിജ്ഞാന സാഹിത്യത്തിൻെറ പരിധിയിൽ വരും.

## നവ സാക്ഷര സാഹിത്യം

മുതിർന്നവർക്കുള്ള വിജ്ഞാന സാഹിത്യത്തിൻെറ ഇന്നത്തെ നില ഒട്ടും ശോഭനമല്ല പൊതുവെ മലയാളത്തിൽ വിജ്ഞാന ഗ്രന്ഥങ്ങൾ കുറവാണ്. നവ സാക്ഷരർക്കുള്ള പുസ്തകങ്ങളുടെ കാര്യം പിന്നെ പറയാനില്ലല്ലൊ.

ഒന്ന് രണ്ട് ഉദാഹരണങ്ങൾ: കേരള ചരിത്രത്തെപ്പററി നവ സാക്ഷരർക്ക് പററിയൊരു പുസ്തകം നമുക്കില്ല. ഇന്ത്യാചരിത്രം, സ്വാതന്ത്ര്യ സമര ചരിത്രം എന്നിവയുടെ നിലയും അതു തന്നെ. കേരളത്തിലെ സസ്യങ്ങൾ, ജന്തുക്കൾ, പുഴകൾ, മലകൾ, കായലുകൾ, കാർഷിക വിളകൾ, ജില്ലകൾ, ആദിവാസികൾ, ജനങ്ങൾ— ഇവക്കുറിച്ചൊന്നും പററിയ പുസ്തകങ്ങളില്ല. കയർ, നെയ്ത്ത്, ചെത്ത്, കൃഷി, മൺപാത്രനിർമ്മാണം എന്നീ തൊഴിലുകളെ

പററിയോ നാണ്യങ്ങൾ, സ്ററാമ്പുകൾ, പുസ്തകങ്ങൾ, അച്ചടി, സാമൂഹ്യശാസ്ത്രം, തത്വശാസ്ത്രം, ലോകചരിത്രം—എന്നീ വിഷയങ്ങളെപ്പററിയോ ഒന്നും നവ സാക്ഷരർക്കുള്ള പുസ്തകങ്ങളില്ല. ചിത്രകല, സംഗീതം, നൃത്തം, നാടകം, കവിത, പാട്ട് എന്നിവയെപ്പററിയോ കടലാസ്, മഷി, വീട്, സിമൻറ്, റോഡ്, പാലം, തുറമുഖം, കപ്പൽ, വാഹനങ്ങൾ—എന്നിവയെപ്പററിയോ എത്രയൊ കുറച്ചു പുസ്തകങ്ങളെ നമുക്കുള്ളു.

## പ്ലാൻ വേണം

ഇത്തരം പുസ്തകങ്ങൾ ഉണ്ടാക്കാൻ നമുക്കു കഴിയണം. അതിനു വ്യക്തമായ പ്ലാൻ വേണം. ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞു വേണം ഈ പ്ലാനുണ്ടാക്കാൻ.

വിജ്ഞാന പുസ്തകങ്ങൾ മുതിർന്നവർക്കായി ഉണ്ടാക്കണമെങ്കിൽ അഞ്ചോ പത്തോ കൊല്ലം കൊണ്ട് കുറെ ലക്ഷം രൂപ മുടക്കി ഒരായിരം പുസ്തകമെങ്കിലും ഉണ്ടാക്കാനുള്ള ഒരു വലിയ പദ്ധതി നമുക്കു വേണം. അതിനാവശ്യമായ സംഘടനയും ഉണ്ടാക്കണം. സർക്കാരും വിദ്യാഭ്യാസ വകുപ്പും അക്കാദമികളും അനുദ്യോഗസ്ഥ സംഘടനകളും പ്രസിദ്ധീകരണശാലകളും ഈ പദ്ധതിയിൽ സജീവമായി പങ്കാളികളാകണം.

ഇതിന്നു വേണ്ട പുസ്തകങ്ങളുടെ സ്ക്രിപ്ട് എഴുതിപ്പിക്കുക, അവ പരിശോധിക്കുക, എഡിററു ചെയ്യുക, ചിത്രങ്ങൾ ചേർക്കുക, അച്ചടിക്കുക, വിതരണം ചെയ്യുക, നാട്ടുകാരുടെ അടുത്ത് എത്തിക്കുക, അവരെക്കൊണ്ട് വായിപ്പിക്കുക—ഇത്രയും വലിയൊരു പരിപാടി നടക്കണമെന്നുണ്ടെങ്കിൽ അതിനുള്ള നേതൃത്വവും, മെഷിനറിയും ഉണ്ടായേ തീരൂ.

ആദ്യമായി നവ സാക്ഷരർക്കു വേണ്ടി നാമുണ്ടാക്കുന്ന പുസ്തകങ്ങൾ എന്തൊക്കെയാകാം എന്നതിൻെറ ഒരേകദേശരൂപം ഉണ്ടാവണം.

ചില പുസ്തകങ്ങളുടെ പേരുകൾ ഇവിടെ (മാതൃകക്കു മാത്രം) കൊടുക്കുന്നു:—

| | | |
|---|---|---|
| ആഹാരം | കേരളം | കച്ചവടം |
| പച്ചക്കറി | തമിഴ്നാട് | കുരുമുളക് |
| അടുക്കള | കർണാടകം | ആദിവാസികൾ |
| തൊഴിൽ | ഇന്ത്യ | വെള്ളം |
| മീൻപിടുത്തം | അറബിക്കടൽ | പകർച്ച വ്യാധികൾ |
| വീട് | ചായപ്പീടിക | മൺ പാത്രങ്ങൾ |
| കുടുംബം | മുറുക്കാൻ കട | മണ്ണ് |
| വസ്ത്രം | കൃഷി | പാർപ്പിടം |
| ശുചിത്വം | വളങ്ങൾ | മരപ്പണി |
| ഭരണം | കാടുകൾ | വളങ്ങൾ |
| പഞ്ചായത്ത് | പച്ചില വളങ്ങൾ | ലോഹപ്പണി |
| ഗ്രാമം | പുഴകൾ | തെങ്ങുകൃഷി |
| പട്ടണം | കായലുകൾ | കിണറും കുളവും |
| റോഡുകൾ | നല്ല വിത്ത് | മരപ്പണി |
| വാഹനങ്ങൾ | കന്നുകാലികൾ | ഇരുമ്പുപണി |
| കൈത്തൊഴിൽ | തെങ്ങ് | പമ്പുകൾ |
| തേനീച്ച വളർത്തൽ | ഔഷധച്ചെടികൾ | മരങ്ങൾ |
| രാജ്യങ്ങൾ | സമ്പാദ്യശീലം | ബാങ്കുകൾ |
| രോഗങ്ങൾ | സഹകരണം | ആശുപത്രി |
| ജില്ലകൾ | പഴങ്ങൾ | മരച്ചീനി |
| സംസ്ഥാനങ്ങൾ | രോഗങ്ങൾ | പോഷകങ്ങൾ |
| ചൂഷണം | മദ്യപാനം | പുകവലി |
| ജലസേചനം | കോഴി വളർത്തൽ | ക്ഷയം |
| തീയും വിറകും | തൊഴിൽ കണ്ടെത്തുക | യന്ത്രങ്ങൾ |
| ഗ്രന്ഥശാല | സൈക്കിൾ | റേഡിയോ |
| വൈദ്യുതി | പൗരബോധം | ഔഷധങ്ങൾ |
| ത്വക്ക്രോഗങ്ങൾ | പ്രതിരോധ— | പാൽ |
| കുട്ടികളുടെ രോഗങ്ങൾ | കുത്തി വെപ്പുകൾ | മുട്ട |

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് | തപാൽ | പോലീസ് സ്റേറഷൻ |
| ട്രേഡ് യൂണിയൻ | കമ്പി | തൊഴിലാളി |
| കർഷക സംഘം | ഫോൺ | ഓഫീസുകൾ |
| ജീവചരിത്രങ്ങൾ | കാർഷികത്തൊഴിലാളി | കൃഷിക്കാരൻ |
| ജീവകങ്ങൾ | കുടുംബ ബജററ് | ശാസ്ത്രജ്ഞൻമാർ |
| റെയിൽവേ സ്റേറഷൻ | കുഞ്ഞുങ്ങളെവളർത്തൽ | പൊതുപ്രവർത്തകർ |
| കാളവണ്ടി | വാഴ | ഹരിജനങ്ങൾ |
| ചന്ത | കിഴങ്ങുകൾ | നാളികേരം |
| സ്കൂൾ | ഇലക്കറികൾ | ആരാധന |
| റേഷൻഷാപ്പ് | അമ്മ | ഗൃഹഭരണം |
| ഉൽസവം | തൊഴിലാളി | അന്ധവിശ്വാസം |
| കളികൾ | നാടൻ പാട്ടുകൾ | ഓട്ടൻ തുള്ളൽ |

ഈ ലിസ്ററ് പൂർണമല്ല. ആയിരം പുസ്തകങ്ങളുടെ ഒരു ലിസ്ററ് കാൻഫെഡ് വേറെത്തന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. വിഷയം തിരഞ്ഞെടുക്കുമ്പോൾ ആ ലിസ്ററു നോക്കുന്നതു നല്ലതാണ്. ആവർത്തനം വരരുതല്ലോ. ഒരു പദ്ധതിയുടെ ഭാഗമായി നവ സാക്ഷര സാഹിത്യം നിർമ്മിക്കുന്നതാവും അഭിലഷണീയം,

# നവ സാക്ഷര സാഹിത്യ രചന

വായനയും എഴുത്തും ഇപ്പോൾ മാത്രം പഠിച്ചവർക്കു വേണ്ടി പുസ്തകരചന നടത്തുന്നവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഇവിടെ കൊടുക്കുന്നു.

## ഒന്ന്

ആർക്കു വേണ്ടി എഴുതുന്നു, എന്തിനു വേണ്ടി എഴുതുന്നു, എന്നു ആദ്യം തീരുമാനിക്കണം. ആരോഗ്യത്തെ പററിയാണ് എഴുതുന്നതെന്നു കരുതുക, രണ്ടു ചോദ്യം സ്വയം ചോദിക്കുക:

നാട്ടുകാർക്ക് എന്തറിയണമെന്നാണ് ആഗ്രഹം? നാട്ടുകാർ എന്തറിയണമെന്നതാണ് ആവശ്യം? ആഗ്രഹം നോക്കിവേണം എഴുതിത്തുടങ്ങുവാൻ. വായനക്കാരനുമായി, പതുക്കെ പതുക്കെ മുന്നേറണം. വായനക്കാർക്കുള്ള അറിവില്ലായ്മയും അറിവും എഴുത്തുകാരനും ഉണ്ടാവണം എന്നർത്ഥം. വായനക്കാരൻെറ ആവശ്യം നിറവേററുകയാവണം നാം ചെയ്യുന്നത്.

എന്തിനാണു ഇതെഴുതുന്നത്? അതും അറിയണം. ഇതിനെക്കുറിച്ചു അഞ്ചോ ആറോ വ്യക്തമായ ആശയങ്ങൾ ഉണ്ടാകണം. വായിക്കുന്നവർക്ക് ഇതിനെക്കുറിച്ചു് എന്തെല്ലാം ധാരണകളുണ്ടാക്കണമെന്നാണ് ആഗ്രഹം? അതു വ്യക്തമാക്കണം.

വായനക്കാരനിൽ മാററമുണ്ടാക്കാനാണോ അതോ അയാൾക്ക് ബോധ്യമുള്ള ചില കാര്യങ്ങൾ ഓർമ്മിപ്പിച്ചു ഉറപ്പിക്കാനാണോ എഴുതുന്നത്? രണ്ടും വേണം.

ഇടക്കിടെ ആളുകളെ അവർ അറിയേണ്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നത് നല്ലതാണല്ലോ.

ചുരുക്കത്തിൽ, വായനക്കാരെ അറിയുക.

## രണ്ട്

പുസ്തകം വായനക്കാരന്റെ മനസ്സ് വേഗം പിടിച്ചെടുക്കണം. അതിനു എന്തു വേണം? വളരെ ദീർഘിച്ച ഒരു ആമുഖം വേണ്ടെന്നു വെക്കണം. പലപ്പോഴും മടുപ്പുണ്ടാക്കുന്നതും ഉപയോഗശൂന്യവും ആകും പല മുഖവുരകളും. ആദ്യത്തെ ഖണ്ഡിക വായിക്കും മുമ്പ് തന്നെ വായനക്കാരൻ പുസ്തകം താഴെ വെച്ചാലോ? അവർ വായിക്കാൻ പോകുന്നതിനെ മൊത്തത്തിലൊന്നു പരിചയപ്പെടുത്തുകയാവണം ഈ കൊച്ചു മുഖവുരകൊണ്ടുദ്ദേശിക്കുന്നതു്. വരാവുന്ന ചോദ്യങ്ങൾ പ്രതീക്ഷിച്ചു ചില ഉത്തരങ്ങളും കൊടുക്കാം.

## മൂന്ന്

യുക്തിക്കു നിരക്കുന്നതേ പറയാവൂ. പ്രധാന സംഗതികൾ ശരിക്കും പഠിച്ചു വേണം വാദഗതികൾ തയ്യാറാക്കുന്നത്. ഈ ആശയങ്ങൾക്ക് രൂപം നൽകണം; അവയെ പതുക്കെ വികസിപ്പിച്ചെടുക്കുകയും വേണം. ഒന്നും ഒളിഞ്ഞു കിടക്കരുത്. എല്ലാം സ്പഷ്ടമാകണം. വായനക്കാരന്റെ ശ്രദ്ധയിലും ഓർമ്മയിലും ഈ ആശയങ്ങൾ എത്തുന്നുണ്ടോ എന്നു പരിശോധിക്കണം. താൻ വായിച്ചത് മററാരാളോടു പറയാൻ വായനക്കാരനു കഴിയണം. അതിനു പററിയ വിധം, കാര്യകാരണ ബന്ധത്തോടെ വേണം എഴുതാൻ. യുക്തിക്കു ചേരാത്തത് എഴുതരുത്. വായനക്കാരനെ ആശയക്കുഴപ്പത്തിലെത്തിക്കുകയല്ല, അവരെ ആശയവ്യക്തതയിലേക്കു കൊണ്ടു വരികയാവണം ലക്ഷ്യം.

## നാല്

പ്രധാന സംഗതികൾ പ്രകടമാക്കുന്ന രീതിയിൽ വേണം കാര്യങ്ങൾ പ്രതിപാദിക്കാൻ. പുസ്തകം വായിക്കണോ വേണ്ടയോ എന്ന് നവ സാക്ഷരനു തീരുമാനിക്കാൻ തന്നെ ഈ പ്രകട രൂപം കൂടിയേ കഴിയൂ. അതിനു പററിയ ചിത്രങ്ങളും ചേർക്കാം. ചിലപ്പോൾ അച്ചടിയിൽ ടൈപ്പു മാററിയും ഇത് ചെയ്യാം. ധാരാളം തലക്കെട്ടുകളും ഉപതലക്കെട്ടുകളും പ്രത്യേക തരം ടൈപ്പുകളും നമ്പറിടലും ഖണ്ഡികതിരിക്കലും എല്ലാം ഇതിനു സഹായിക്കും. ചെറിയ ഖണ്ഡികകൾ

മതി. ചെറിയ വാക്യങ്ങാംക്കാണു ശക്തി. വാക്യങ്ങാംക്കിടയിൽ ധാരാളം സ്ഥലം വിടാം. പുസ്തകത്തിൻെറ ഓരോ പേജിലും കറുപ്പും വെളുപ്പും ഒപ്പമായിരിക്കണം—മുഴുവൻ അച്ചടി മഷിയാവരുത് എന്നർത്ഥം.

## അഞ്ച്

മുതിർന്ന നവസാക്ഷരർക്കു വേണ്ടിയാണ് എഴുതുന്നത്. ഇടക്കിടെ സംഗ്രഹിക്കണം. എന്തെങ്കിലും വ്യക്തമാക്കുവാനുള്ള സന്ദർഭങ്ങാം തികച്ചും ഉപയോഗിക്കുക. വളരെയേറെ കാര്യങ്ങാം ഒരേ അധ്യായത്തിൽ പറയുന്നതല്ല നല്ലത്. പത്തു കാര്യങ്ങാം ഒന്നിച്ചു പറയുന്നതാണോ നല്ലത്? അതോ ഒന്നു രണ്ടു കാര്യങ്ങാം അവസരത്തിനനുസരിച്ചു പറയുന്നതാണോ നല്ലത്? ഗൗരവമുള്ള വിഷയങ്ങളെപ്പററി എഴുതുമ്പോറം കൂടുതൽ കാര്യങ്ങാം പറയാനുണ്ടാവും. ശരി തന്നെ. അപ്പോറം എന്തു വേണം? ചുരുക്കാവുന്നത്ര ചുരുക്കിപ്പറയണം. മാത്രമല്ല, വ്യക്തമാക്കാവുന്നത്ര വ്യക്തമാക്കുകയും വേണം. ആശയ വ്യക്തത ക്കാവശ്യമായതൊക്കെ പറയണം. പക്ഷേ വളരെ ചുരുക്കിയേ പറയാവു. ഇതെങ്ങിനെയെന്നു നവസാക്ഷര സാഹിത്യകാരനാണു തീരുമാനിക്കുക. അതിനു പററിയ വഴികാം അയാാം കണ്ടുപിടിച്ചു കൊള്ളും. അയാളുടെ നിർമ്മാണ കൗശലത്തിനു ഉത്തരം കാണാവുന്ന പ്രശ്നമാണിത്.

## ആറ്

എഴുത്തു കഴിയുന്നത്ര വ്യക്തിപരമാക്കണം. എത്ര ശ്രദ്ധയോടെയാണ് നമുക്കു കിട്ടിയ എഴുത്തുകാം നാം വായിക്കുന്നത്? ഏതാണ്ടിതുപോലെ നവ സാക്ഷരർക്കു വേണ്ടി നാം എഴുതണം. എങ്ങിനെയാണിതു ചെയ്യുക? നേർക്കുനേരെ വായനക്കാരുണ്ടെന്നു കരുതുക. എന്നിട്ടു എഴുതുക.

1) സംഭാഷണരീതി കൊണ്ടു വിഷയപ്രതിപാദനത്തിനു ചൊടി പിടിപ്പിക്കുക.

2) വായനക്കാരെക്കൂടി പങ്കാളികളാക്കി വേണം ഓരോ ഖണ്ഡികയും പുരോഗമിക്കാൻ.

3) പേരും സ്ഥലവും മററും ചേർത്തു വായനക്കാരുടെ വിശ്വാസ്യത വളർത്തുന്നതു നല്ലതാണ്. ഒരു ഗ്രാമത്തിൽ എന്നതിനുപകരം ഗ്രാമത്തിൻെറ പേരു തന്നെ കൊടുക്കാമല്ലൊ.

4) എന്തും സമൂർത്തമായി പറയുന്നതാവും നല്ലത്. നേരിട്ടു സംസാരിക്കുന്നതു പോലെ തോന്നണം. ഇടയിൽ ആരുമില്ലെന്നു കരുതുക.

സാഹിത്യമായതുകൊണ്ടു ആകർഷകമായൊരു പേരു കൊടുക്കണം. പരിസര മലിനീകരണത്തെപ്പററിയാണ് പുസ്തകമെങ്കിൽ ''എന്തൊരു നാററം''? എന്നൊ ഭക്ഷണത്തിലെ പോഷകങ്ങളെപ്പററിയാണെങ്കിൽ 'ചോറും കറിയും' എന്നൊ പുസ്തകത്തിനു പേരിടാം.

## ഏഴ്

വായിക്കുന്നവരുമായി ഉണ്ടാക്കിയ സമ്പർക്കം ഒരിക്കലും വിടരുത്. പുസ്തക രചനയിൽ അയാരം പങ്കെടുക്കട്ടെ. വായനക്കാരൻെറ സംശയങ്ങരം മനസ്സിൽ കാണണം. ഓരോ സന്ദർഭത്തിലും അതിനു ഉത്തരം കൊടുക്കുകയും വേണം. നല്ല എഴുത്തുകാരനും നല്ല വായനക്കാരനും പരസ്പരം സംസാരിക്കുന്നവരാണ് എന്നു പറയുന്നതിൻെറ അർത്ഥം നവ സാക്ഷര സാഹിത്യകാരൻ എപ്പോഴും മനസ്സിലാക്കണം.

## എട്ട്

ധാരാളം 'നാടൻ' ഉദാഹരണങ്ങരം കൊടുക്കണം. കുറിക്കുകൊള്ളുന്നതാവട്ടെ ഉദാഹരണങ്ങരം. ചെറിയ സംഭവ കഥകളാവാം, രംഗ ചിത്രമാവാം, വിശദീകരണമാവാം; എന്തും സമൂർത്തമാക്കാൻ കഴിയണം. സംഭവ കഥകരംക്ക് സമൂർത്തത നൽകാൻ കഴിയും. ഏററവും ശരിയായ വഴി കഥ പറച്ചിൽ തന്നെ. വായനക്കാർക്കിതു ഇഷ്ടമാവും. സരസമായ കഥ പറയുന്ന ശൈലിയാണ് നവ സാക്ഷര സാഹിത്യത്തിൽ എപ്പോഴും അഭികാമ്യം.

## ഒമ്പത്

എന്തും സരളമാക്കുകയാണ് വേണ്ടത്. പാണ്ഡിത്യ പ്രകടനം ഒഴിവാക്കുക. വലിയ വാക്കുകരം വേണ്ട. ചെറിയവയ്ക്കാകട്ടെ സ്ഥാനം. പ്രശ്നങ്ങളെ നേരിടണം, അല്ലാതെ വെറുതെയങ്ങോട്ടു പറഞ്ഞു പോയാൽ പോരാ. കുറച്ചു വിശദീകരിക്കണമെങ്കിൽ അതാവാം. പ്രശ്നങ്ങരം ചർച്ച ചെയ്യണം.

സങ്കീർണ്ണങ്ങളായ വാക്യങ്ങളും സാങ്കേതിക പദങ്ങളും കഴിയുന്നത്ര ഒഴിവാക്കണം. വാക്കുകൾ വിട്ടു വിട്ടെഴുതുക, ഒരു വാക്കും ഒതുങ്ങിയോ മങ്ങിയോ കിടക്കരുത്. ഓരോ വാക്കും തീക്കനൽ പോലെ തിളങ്ങട്ടെ. സാങ്കേതിക പദങ്ങൾ ചിലപ്പോൾ കൂടിയേ കഴിയൂ എന്നു വരും. അവകൊണ്ടു് എന്താണ് ഉദ്ദേശിക്കുന്നതെന്ന് അവിടെത്തന്നെ വ്യക്തമാക്കുകയും വേണം. വായനക്കാർക്കു അറിയാവുന്ന കാര്യങ്ങൾ വിശദീകരിക്കണമെന്നില്ല. ആവർത്തനവും കുറയ്ക്കണം. ഒരു പുസ്തകത്തിൽ ഒരു തവണ കാളിദാസനെന്ന സംസ്കൃത മഹാകവി എന്നു പറഞ്ഞു എന്നിരിക്കട്ടെ. പിന്നെയും കാളിദാസനെപ്പററി പറയുമ്പോൾ അതേവിശേഷണം ആവശ്യമില്ലല്ലോ. പുതിയ ചില പദങ്ങൾ അറിയണമെന്നുള്ളാരാഗ്രഹം ഏതു വായനക്കാരനുമുണ്ടാവും. അതുകൊണ്ടു പുതിയ പദങ്ങൾ ഉപയോഗിക്കാനുള്ള സൗകര്യം കിട്ടുന്നതു വെറുതെ കളയരുത്. പ്രധാനപ്പെട്ട ചില പദങ്ങൾ ഒന്നിലധികം തവണ പ്രത്യേകം സന്ദർഭങ്ങളിൽ ഉപയോഗിച്ചാൽ മതി. വായനക്കാർക്ക് കാര്യം മനസ്സിലായിക്കൊള്ളും. നല്ല പദങ്ങളെ വായനക്കാർക്കു പരിചയപ്പെടുത്തുന്നതും പുസ്തകങ്ങളുടെ കടമയാണല്ലോ.

നീണ്ട വാക്യങ്ങൾ വേണ്ട. ചൊവ്വും ചേരുമില്ലാത്ത വാക്യങ്ങൾ, അനാവശ്യമായ വിശേഷണങ്ങൾ, വാചകമടി, അലങ്കാരങ്ങൾ, ഇവ ഒഴിവാക്കാം. അതേസമയം സന്ദർഭത്തിനൊത്ത വിശേഷണങ്ങൾ കൊടുക്കുകയും വേണം. പക്ഷെ, ഓർക്കുക: വിശേഷണങ്ങൾ അലങ്കാരങ്ങളാണ്. അലങ്കാരം അധികമായാൽ നന്നല്ല. ഒട്ടും ഇല്ലെങ്കിലോ? നഗ്നമായിത്തോന്നും. പലപ്പോഴും വാക്യത്തിന്റെ നീളമാവില്ല സങ്കീർണ്ണമായ വാചക ഘടനയാവും ആശയക്കുഴപ്പങ്ങൾക്ക് ഉത്തരവാദി. അതുകൊണ്ട് എന്തും സരളമാക്കുക എന്നതാണ് പ്രധാനം. ചുരുക്കിപ്പറഞ്ഞാൽ മാത്രം പോരാ. എന്തും ലളിതമാക്കുകയും വേണം.

## പത്ത്

പുസ്തകത്തിൽ ചിത്രീകരണങ്ങൾ വേണം. ലഘു ചിത്രങ്ങൾ, ഗ്രാഫുകൾ, മാപ്പുകൾ, ചാർട്ടുകൾ, ഇവ ലേഖനത്തിനെ സമൂർത്തമാക്കുന്നു. ചിത്രങ്ങൾ വെറുതെ ചേർക്കരുത്. ചേർക്കുന്ന ഓരോ ചിത്രത്തിനും അർത്ഥവും പ്രയോജനവും വേണം. ഉദാഹരണത്തിന് ഒരു ഈച്ചയുടെ ചിത്രം ചേർക്കണമെന്നില്ല. എന്നാൽ ഈച്ചയുടെ തുമ്പിയും കണ്ണും അവയുടെ ഘടന കാണിക്കാൻ പററിയവിധം ചേർക്കാം. വാക്കുകൾക്ക് പറയാനാവാത്തതു ചിത്രങ്ങളും ചാർട്ടുകളും പറയും. ചിത്രങ്ങൾ സങ്കീർണമായാൽ

അവ നിഷ്ഫലമാവും. ചിത്രങ്ങളും ലഘൂകരിക്കണം. ചന്തം വേണം. ഒപ്പം ലക്ഷ്യവും. അതാവണം ചിത്രങ്ങൾ ചേർക്കുന്നതിന്റെ സമീപനം. ചിത്രത്തിനുവേണ്ടിയുള്ള ചിത്രങ്ങൾ ഒഴിവാക്കണം.

## പതിനൊന്ന്

മുതിർന്നവർക്കുള്ള പുസ്തകങ്ങളിൽ സംക്ഷേപണവും വളരെ പ്രധാനമാണ്. പക്ഷെ അതു ഫലപ്രദവും ബുദ്ധിപൂർവ്വവുമാകണം. ആവർത്തനമായി തോന്നരുത്.

ലേഖനം നീളുന്തോറും വായനക്കാരനു സംശയം വർധിക്കാം. ഇത് അവസാനിക്കില്ലേ? എന്താണ് പറയുന്നത്? ഇതിൽ എന്തെല്ലാം സ്വീകരിക്കണം? .... ഇനിയും വല്ലതും പറയാനുണ്ടോ?...... അതുകൊണ്ട്?.... എന്തിനാണ് ഇത്ര നീണ്ട ചർച്ച? ഇതിവിടെ അവസാനിപ്പിച്ചു കൂടെ?... എന്താണാവോ ഗ്രന്ഥകാരന്റെ ലക്ഷ്യം?.... വായനക്കാരന്റെ ന്യായമായ ഇത്തരം ചോദ്യങ്ങൾക്കെല്ലാം മറുപടി കിട്ടണം. ഇനിയൊന്നും പറയാനില്ലെന്നുവന്നാൽ അധ്യായം അവസാനിപ്പിക്കണം. പുസ്തകവും അവസാനിപ്പിക്കാം.

## പന്ത്രണ്ട്

പ്രധാന സംഗതികൾ പുസ്തകത്തിൽ അവസാനം കൊടുക്കണം. പ്രധാന കാര്യങ്ങൾ വിട്ടു മററു പ്രശ്നങ്ങളിൽ ചാടിപ്പിടിക്കരുത്. ഇടക്കിടെ ഓർക്കേണ്ട വസ്തുതകൾ പറയണം. പുതിയ രീതികൾ സ്വീകരിക്കണം, ഓരോന്നിനും. സംസാരിയ്ക്കുമ്പോഴത്തെ അനായാസതയും വ്യക്തിപരതയും നവസാക്ഷര സാഹിത്യത്തിൽ ഉണ്ടായേ പററൂ. തുടക്കവും അവസാനവുമെല്ലാം തികച്ചും വ്യക്തിപരവും അനൗപചാരികവും ആകണം.

മൂന്ന്

## നവ സാക്ഷര സാഹിത്യകാരൻ

നവ സാക്ഷര സാഹിത്യകാരൻ ആരാണ്? അയാഠം നവ സാക്ഷരർക്കുള്ള പുസ്തകങ്ങളെഴുതുന്നു. ഉടൻ ചോദ്യം: എന്തെഴുതണം? എങ്ങനെ എഴുതണം? ഇതെല്ലാം പ്രധാനം തന്നെ. പക്ഷെ മററു ചില പ്രശ്നങ്ങളുമുണ്ട്. ഒന്നാമത് നവ സാക്ഷര സാഹിത്യകാരർ ഇവിടെ വേണ്ടത്ര ഇല്ല. പ്രായോഗികാനുഭവങ്ങളിൽകൂടി ഈ രംഗത്തേക്ക് കടന്നു വന്നവരുണ്ട്. ഈ സാഹിത്യശാഖയുടെ പ്രത്യേകതകഠം അറിയുന്നത് അവരാണ്.

## എത്ര വാക്കുകൾ

പക്ഷെ മുതിർന്നവരെ മനശ്ശാസ്ത്രപരമായികണ്ടു അതിന്നനുസരിച്ചെഴുതുന്നവർ എത്രയുണ്ട്? നവ സാക്ഷരർക്കുള്ള പുസ്തകങ്ങളെഴുതുമ്പോഠം നമുക്കറിയാവുന്ന വാക്കുകളെല്ലാം ഉപയോഗിക്കരുത്. വായനക്കാർക്കറിയുന്ന വാക്കുകളേ ഉപയോഗിക്കാവൂ. എത്ര വാക്കുകഠം ഒരു നവ സാക്ഷരനറിയാം? എണ്ണൂറു മുതൽ ആയിരം വരെ വാക്കുകഠം അറിയാമെങ്കിൽ ഈ വാക്കുകഠം ഏതെല്ലാം? തിരഞ്ഞെടുപ്പ് ഗ്രന്ഥകാരൻ തന്നെ നടത്തണം. മുതിർന്നവർക്കറിയുന്നതും അവർ സാധാരണ ഉപയോഗിക്കുന്നതുമായ വാക്കുകളാവണം പുസ്തകത്തിൽ അധികവും ഉപയോഗിക്കുന്നത്. അവർ സംഭാഷണം നടത്തുന്നതെങ്ങിനെ? അവർ കേട്ടിരിക്കാവുന്ന പ്രസംഗങ്ങളേവ? അവർ വല്ലതും വായിക്കുന്നുണ്ടോ? ഇതെല്ലാം നോക്കി വേണം വാക്കുകഠം തിരഞ്ഞെടുക്കുവാൻ.

ചുരുക്കത്തിൽ സാധാരണക്കാരുടെ വാക്യസമുച്ചയത്തെപ്പററി ശരിയായ ധാരണയുള്ളവരാകണം നവ സാക്ഷര സാഹിത്യകാരൻമാർ.

## എന്തെഴുതണം

എന്തെഴുതണം? വ്യക്തമായ ഒരു ഉദ്ദേശം വേണം. നവ സാക്ഷരരുടെ വിജ്ഞാന തൃഷ്ണ ശമിപ്പിക്കാൻ കഴിയണം. അല്ലെങ്കിൽ അവരുടെ ഭാവനയെ തട്ടിയിളക്കണം. അതുമല്ലെങ്കിൽ കൂടുതൽ വായി

ക്കുവാനുള്ള താൽപര്യം അവരിൽ വളർത്തണം. സ്വന്തം ജീവിതത്തിൽ പകർത്താൻ പററിയ കഴിവു അവർക്കു കിട്ടണം. ഏറെക്കുറെ വിജ്ഞാനത്തിൻെറ എല്ലാം ശാഖകളെക്കുറിച്ചും അറിവുണ്ടാക്കി കൊടുക്കാൻ പററിയ തരത്തിലാവണം എഴുതുന്നത്. ആകെയുള്ള വലിയൊരു പദ്ധതിയുടെ ഭാഗമാണിതെന്ന് മനസ്സിലാക്കി വേണം എഴുതുവാൻ.

## എങ്ങനെ എഴുതണം

എങ്ങനെ എഴുതണം? ഇതു വളരെ പ്രധാനമാണ്. രചയിതാവിൻെറ ഉദ്ദേശം നേടത്തക്ക വിധം എഴുതണം എന്നു പറയുന്നതാവും മൊത്തത്തിൽ ശരി. അതിന് എന്തെല്ലാം വേണം? മുൻ അധ്യായം ഓർക്കൂ. പ്രതിപാദനം ഒട്ടും ശുഷ്കമാകരുത്; ചൂടും പ്രസരിപ്പും ഉള്ളതാകണം. പരമാവധി 'ഉണക്കം' ഒഴിവാക്കണം. ആറിയ ഉണക്കച്ചോറിനേക്കാരം സ്വാദ് ഇളംചൂടുള്ള ചോറിനല്ലെ?

എഴുതുന്നത് സരസമാകണം, കഥാരൂപത്തിലാവണം; സംഭാഷണ ശൈലിയിലാവണം, നാടകീയമാകണം എന്നൊക്കെ പറയാറില്ലെ? ഇവിടേക്കും അതൊക്കെ ബാധകമാണ്. വളരെയേറെ വിശദാംശങ്ങളിലേക്കു കടക്കാതെ തന്നെ വ്യക്തമായ ധാരണകളിലെത്തിച്ചേരാൻ കഴിയണം. അമൂർത്തത വേണ്ട. മൂർത്തമായിത്തന്നെ, സജീവമായിത്തന്നെ കാര്യങ്ങരം പറയണം. കഴിയുന്നത്ര നാട്ടുകാർക്കറിയുന്ന സാധന സാമഗ്രികളുമായി ബന്ധിപ്പിച്ചു പറയുന്നതാവും ഹിതകരം. ഭാവനക്കു ചിറകുണ്ടാക്കാനും ചിലതു ഊഹിക്കാനും ചിലപ്പോഴൊക്കെ വായനക്കാരെ സഹായിച്ചാൽ അധികം നന്നായി.

എങ്ങനെ എഴുതണം എന്നതിൻെറ കൂടെ പറയേണ്ട ചില കാര്യങ്ങളുണ്ട്. പുസ്തകത്തിനു ആകർഷകമായ പേരു വേണം. ചെറിയ വാക്യങ്ങരം, ചെറിയ പാരഗ്രാഫുകരം, ചെറിയ അധ്യായങ്ങരം ഇവയെല്ലാം വേണം. അനാവശ്യമായി ഒരു വാക്യവും വേണ്ട. സമൂർത്തമാക്കാൻ കിട്ടിയ ഒന്നും കൈവിട്ടരുത്. എന്തും നാടകീയമാക്കാൻ ശ്രമിക്കണം. ഉദാഹരണങ്ങരം വേണ്ടത്രയാവാം. സംഭാഷണ ശൈലിയാണേററവും നല്ലത്. 'സാഹിത്യച്ചുവ' അത്ര വേണമെന്നില്ല പാണ്ഡിത്യ പ്രകടനം വേണ്ടേ വേണ്ട. സാധാരണക്കാർക്കു വേണ്ടിയുള്ള സാധാരണ എഴുത്താണ് വേണ്ടത്—അസാധാരണ എഴുത്തല്ല. എഴുത്തുകാരൻെറ വ്യക്തിത്വം വായനക്കാരുമായി ഇഴുകിച്ചേരുകയും വേണം.

നാലു്

# പുസ്തക പ്രസാധനം

പുസ്തകം എഴുതിക്കഴിഞ്ഞുവോ? രണ്ടു മൂന്നു ദിവസത്തിനു ശേഷം എഴുതിയ ആരം അതൊന്നു സൂക്ഷ്മ പരിശോധന ചെയ്യണം. അതിന്നു ഏററവും നല്ല വഴി മുതിർന്നവരുടെ ഒരു ഗ്രൂപ്പിൽ അതൊന്നു വായിപ്പിച്ചുനോക്കുകയാണ്. അതിനു പററിയില്ലെങ്കിൽ നവ സാക്ഷരരിൽ ഒന്നോ രണ്ടോ പേരെക്കൊണ്ടെങ്കിലും ചില ഭാഗങ്ങരം വായിപ്പിക്കുകയും ആവാം. പിന്നീടു പുസ്തകം എഡിററു ചെയ്യുന്നതു അവരിൽ നിന്നുണ്ടായ പ്രതികരണം കൂടി കണക്കിലെടുത്താവണം.

എഡിററിങ്ങിൽ താഴെ പറയുന്ന കാര്യങ്ങരം ശ്രദ്ധിക്കണം.

— അനാവശ്യമായ വാക്യങ്ങരം, വാക്കുകരം എന്നിവ വെട്ടിക്കളയുക. ആവശ്യമില്ലാത്ത പാരഗ്രാഫുകരം ഒഴിവാക്കുക. പ്രസക്തമല്ലാത്തതൊന്നും പുസ്തകത്തിൽ കയററരുത്.

— യുക്തിക്കു ചേരാത്ത ഭാഗങ്ങരം ഒഴിവാക്കുക. പകരം ആവശ്യമായവ കൂട്ടിച്ചേർക്കുക. സമൂർത്തമാക്കാവുന്ന സന്ദർങ്ങരം ശരിക്കും വിനിയോഗിക്കുക.

— മുതിർന്നവരുടെ വാക്യ സമുച്ചയം കണക്കിലെടുത്ത് ബുദ്ധിമുട്ടുള്ള വാക്കുകരം ഒഴിവാക്കുക. പ്രതിപാദനം സരസവും സമൂർത്തവുമാക്കാൻ ശ്രമിക്കുക.

— പുസ്തകത്തിനു നല്ലൊരു പേരിടുക. ഖണ്ഡികകരക്കും തലക്കെട്ടുകരം കൊടുക്കാം. എഴുത്തുകാരൻ കൊടുത്തതിനെക്കാരം തലക്കെട്ടു നന്നാക്കാൻ പററുമെങ്കിലതു ചെയ്യുക.

— എവിടെയൊക്കെ ചിത്രങ്ങരം വേണം എന്നും ചിത്രങ്ങരം എന്തിനു വേണ്ടിയാണെന്നും ലേഖകൻ സൂചിപ്പിച്ചിരിക്കും. അതു ശ്രദ്ധിച്ച് അത്തരം ചിത്രങ്ങരം വരക്കാൻ ആർട്ടിസ്ററിനെ ഏല്പിക്കുക.

— വലിയ അക്ഷരത്തിൽ അടിക്കേണ്ട ഭാഗങ്ങരം ഏതെന്നു പ്രത്യേകം അടയാളപ്പെടുത്തുക.

അഞ്ച്

# ചിത്രങ്ങളും അച്ചടിയും

നവ സാക്ഷരർക്കുള്ള പുസ്തകങ്ങളിൽ ചിത്രം വേണോ? ആവശ്യാനുസ്ത്രം ചിത്രങ്ങൾവേണം എന്നാണു പൊതുമതം. ഇക്കാര്യം ആർട്ടിസ്ററ് ശ്രദ്ധിക്കണം. ലേഖകൻ നൽകിയ സൂചനകൾക്കനുസരിച്ച് വേണം ചിത്രം. പമ്പിനെപ്പററിയാണ് പുസ്തകം എങ്കിൽ പമ്പിൻെറ ഭാഗങ്ങൾ- പുറമെ നിന്ന് കാണാത്ത ഭാഗങ്ങളെല്ലാം. വ്യക്തമാക്കുന്ന രേഖാചിത്രം വേണം. ഒറീസ്സയെപ്പററിയാണ് പുസ്തകമെങ്കിൽ ഇന്ത്യയിൽ ഒറീസ്സ എവിടെയാണെന്നു കാണിക്കുന്ന ഒരു മാപ്പു വേണം. ആദിവാസികളെപ്പററിയാണ് പുസ്തകമെങ്കിൽ പലതരം ആദിവാസികളുടേയും ഫോട്ടോകൾ ചേർക്കണം. വിലകൂടിയ വർണ ചിത്രങ്ങൾ ആവശ്യമില്ല. അപ്പോൾ പുസ്തകത്തിന്നു വിലകൂടും. ആർട്ടിസ്ററും എഡിററും യോജിച്ചു പ്രവർത്തിക്കണം. സംശയം വന്നാൽ ലേഖകനോടു ചോദിക്കാം. ലേ ഔട്ടും പുറം ചട്ടയും ആർട്ടിസ്ററ് തയ്യാറാക്കണം. പുസ്തകത്തെ സജീവമാക്കുന്ന ചിത്രങ്ങളുണ്ടെങ്കിലെ മുതിർന്നവർക്ക് പുസ്തക വായന കൊണ്ടുള്ള മുഴുവൻ ഫലവും കിട്ടുകയുള്ളു. നൂറു വാക്കുകളേക്കാൾ ഫലം നല്ലൊരു ചിത്രത്തിനു ചെയ്യാൻ കഴിയും എന്നോർക്കുക. അതെ സമയം മോശമായ ചിത്രങ്ങൾ ഒരിക്കലും കൊടുക്കരുത്—അവ ഗുണത്തേക്കാൾ ദോഷം ചെയ്യും.

## അച്ചടി

നല്ല അച്ചടി, പുസ്തകത്തിനു ഭംഗി നൽകുന്നു. വലിയ ടൈപ്പിൽ (12 പോയിൻറ് ബോൾഡ്) വേണം നവ സാക്ഷര പുസ്തകങ്ങൾ അച്ചടിക്കാൻ. വലിയ ടൈപ്പിലാണെങ്കിൽ കൂടുതൽ വേഗത്തിലും തപ്പാതേയും വായിക്കാൻ കഴിയും. ആകർഷകമായ പുറം ചട്ട വേണം.

## വിലയും വിതരണവും

കഴിയുന്നത്ര വില കുറയത്തക്ക വിധം ധാരാളം കോപ്പികൾ അച്ചടിപ്പിക്കണം. ഗ്രന്ഥശാലകൾ, ശാസ്ത്രസമിതികൾ, അനൗപചാരിക കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഈ പുസ്തകങ്ങൾ എത്തിക്കുകയും വേണം. നിലവിലുള്ള എല്ലാ പുസ്തക ശാലകളിലും ഇത്തരം പുസ്തകങ്ങൾ ഉണ്ടായിരിക്കണം.

ആയിരം പുസ്തകങ്ങൾ ഉണ്ടാക്കാനുള്ള തീവ്രയത്നം കൂട്ടായി ആരംഭിക്കുകയും വേണം.

ആറ്

# വിലയിരുത്തൽ

നവസാക്ഷര പുസ്തകങ്ങൾ വിലയിരുത്താൻ എന്തു ചെയ്യണം? ഒരു പ്രത്യേക തരക്കാരെ മനസ്സിൽ കണ്ടു കൊണ്ടുണ്ടാക്കിയ പുസ്തകമായതിനാൽ മററു ഗ്രൂപ്പുകാർക്ക് അതു ഹിതകരമായിക്കൊള്ളണം എന്നില്ല. വ്യക്തിനിഷ്ഠമായ ഇഷ്ടാനിഷ്ടങ്ങൾക്കും ഇവിടെ വലിയ സ്ഥാനമില്ല. കഴിയുന്നതും വസ്തുനിഷ്ഠമായിരിക്കണം മൂല്യനിർണയം.

പുസ്തകം സശ്രദ്ധം വായിച്ചു നോക്കി താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുകയാവും ഉത്തമം. ആകെക്കൂടിയുള്ളൊരു മൂല്യനിർണയമാണല്ലോ വേണ്ടത്.

## പുസ്തകത്തെപ്പററി

1. പുസ്തകത്തിൻെറ പേരും
   പ്രസിദ്ധപ്പെടുത്തിയ വർഷവും
2. ഗ്രന്ഥകാരൻെറ പേര്
3. പ്രസാധകർ
4. വിലയും പേജും സൈസും
5. അച്ചടി, ടൈപ്പ്, മഷി, വടിവ്
6. കടലാസ്സ്
7. പുറംചട്ട
8. പുസ്തകം ഏതു വിഷയത്തെപ്പററിയാണ്?
9. എത്ര അധ്യായങ്ങൾ
10. ഒരു പേജിൽ ശരാശരി എത്ര അക്ഷരങ്ങൾ

7615

# ഉള്ളടക്കത്തെപ്പററി

1. ഏതു തരം വായനക്കാർക്കു പററിയത്?
2. ബുദ്ധിമുട്ടുള്ള വാക്കുകൾ ഉണ്ടോ?
   (പത്തു മാതൃകകൾ)
3. സങ്കീർണവാക്യങ്ങൾ ഉണ്ടോ?
   (അഞ്ചു വാക്യങ്ങൾ മാതൃകക്ക്)
4. അധ്യായങ്ങൾ വലുതാണോ? (ഉദാഹരണം)
5. പ്രതിപാദനം ദുഷ്കരമോ? (ഉദാഹരണം)
6. ചിത്രങ്ങൾ ഉണ്ടോ? എത്ര? ഏതു തരം?
   ആവശ്യമായ ചിത്രങ്ങളാണോ?
7. ടൈപ്പുകൾ ഏതെല്ലാം ഉപയോഗിച്ചിട്ടുണ്ട്. (ഉദാഹരണങ്ങൾ)
8. തലക്കെട്ടുകൾ ആകർഷകങ്ങളോ?
   അധ്യായം / ഖണ്ഡിക.
9. അശ്രദ്ധയുടെ ഫലങ്ങൾ (അഞ്ചു ഉദാഹരണങ്ങൾ)
10. അടുത്ത പതിപ്പിൽ ഒഴിവാക്കേണ്ട പ്രധാന ന്യൂനതകൾ

    (1) (2) (3) (4) (5) എന്നിങ്ങനെ നമ്പരിട്ടു കുറിക്കുക.

PC Library & Research Center

പരിശോധകന്റെ ഒപ്പും
മേൽവിലാസവും
ചേർക്കണം

കാൻഫെഡ് വിജ്ഞാന മാല 2

# നവ സാക്ഷര സാഹിത്യം

## ഒരു പഠനം

പി. ടി. ഭാസ്കര പണിക്കർ

കേരളത്തിൽ അമ്പതുലക്ഷം നിരക്ഷരർ ഉണ്ട്. അവരെ സാക്ഷരരാക്കണം. പക്ഷെ അതുകൊണ്ടായില്ല. അവർക്കു തുടർന്നു വായിക്കാനുള്ള സാഹിത്യവും വേണം. അതിനുള്ള പുസ്തകങ്ങൾ ഉണ്ടാക്കണം. എന്തെല്ലാം പ്രത്യേകതകൾ ഇവയ്ക്കുണ്ടായിരിക്കണം? അതിനെപ്പററിയുള്ള ചില കാര്യങ്ങൾ ചർച്ച ചെയ്യുകയാണീ പുസ്തകത്തിൽ.

കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) നവ സാക്ഷരർക്കുവേണ്ടി പുസ്തകങ്ങൾ രചിക്കുന്നുണ്ട്. ഇതിനായി 1978 ജനുവരിയിൽ കാൻഫെഡ് നടത്തിയ ശില്പശാലക്കുവേണ്ടി തയ്യാറാക്കിയതാണീ പുസ്തകം. നൂറു കണക്കിൽ നവ സാക്ഷര സാഹിത്യകാരൻമാരെ ഉണ്ടാക്കാൻ സംഘടിതമായ ശ്രമം കൂടിയേ തീരൂ

വില 65 പൈസ

കാൻഫെഡ്
സാക്ഷരതാഭവൻ, തിരുവനന്തപുരം-1